# ശ്രീ സരസ്വതി ദേവീക്ഷേത്രം

ജനകീയ സമിതി
രജി. നം. TVM/TC/27/2013

പൂജപ്പുര
തിരുവനന്തപുരം







# പൂജപ്പുര നവരാത്രി മഹോത്സവം 2026

**2026 ഒക്ടോബർ 11 – 21**

**1202 കന്നി 25 – തുലാം 04**


22k 916 PURITY TMJ HUID
www.theerthamjewellers.com
ബന്ധങ്ങളുടെ
പരിശുദ്ധി...
ഓരോതരി
പൊന്നിലും...
THEERTHAM
JEWELLERS
100% BIS 916 HALLMARKED JEWELLERY ®
തീർത്ഥം
ജുവലേഴ്സ്
GOLD . DIAMOND . PLATINUM . SILVER
സത്യം ധർമ്മം കർമ്മം
നിങ്ങളുടെ സ്വന്തം തീർത്ഥം....
നെട്ടയം Ph: 0471-2369916
തിരുമല Ph: 0471-2359916
എല്ലാ ഞായറാഴ്ചയും തുറന്ന്
പ്രവർത്തിക്കുന്നതാണ്.
വിശാലമായ കാർ പാർക്കിംഗ്

ഓം ശ്രീ സരസ്വത്യൈ നമഃ



A walking legend.....



**മൂന്നാം വാണീമണി പുരസ്കാരം**
**ബഹുമുഖ പ്രതിഭയായ ശ്രീകുമാരൻ തമ്പിയ്ക്ക്.....**

പ്രഗൽഭരായ കലാകാരന്മാരെ ആദരിക്കുന്നതിനുവേണ്ടി പൂജപ്പുര ശ്രീ സരസ്വതി ദേവി ക്ഷേത്ര ജനകീയ സമിതി ഏർപ്പെടുത്തിയിട്ടുള്ളതാണ് **വാണീമണി പുരസ്കാരം.** എല്ലാ വർഷവും നവരാത്രി മഹോത്സവ വേളയിലാണ് ഈ പുരസ്കാരം സമർപ്പിക്കപ്പെടുക.

കവിതയുടെ ലാളിത്യവും, ദർശനവും ചലച്ചിത്ര ഗാനങ്ങളിലേയ്ക്ക് സമന്വയിപ്പിച്ചുകൊണ്ട് കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി മലയാളികളോട് സംവദിച്ചുകൊണ്ടിരിക്കുന്ന അസാധാരണ പ്രതിഭയാണ് ശ്രീ ശ്രീകുമാരൻ തമ്പി. **വാണീമണി പുരസ്കാരം-2026** അദ്ദേഹത്തിന് സമ്മാനിയ്ക്കാൻ പൂജപ്പുര സരസ്വതി ദേവീ ക്ഷേത്ര ജനകീയ സമിതി തീരുമാനിച്ചിരിക്കുന്നുവെന്ന വിവരം ആഹ്ലാദത്തോടും, ആദരവോടും അതിലേറെ അഭിമാനത്തോടുംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

മൂന്നാം വാണീമണി പുരസ്കാരം മലയാളികൾക്ക് ഏറെ പ്രിയങ്കരനും, പ്രതിഭാധനനുമായ ശ്രീ ശ്രീകുമാരൻ തമ്പിയ്ക്ക് 11-10-2026, ഞായറാഴ്ച വൈകുന്നേരം 5 മണിയ്ക്ക് പൂജപ്പുര നവരാത്രി മഹോത്സവ ഉദ്ഘാടന വേദിയിൽ വച്ച് സമ്മാനിക്കുന്നതാണ്.

പുരസ്കാര ജേതാവ് ശ്രീ ശ്രീകുമാരൻ തമ്പിയ്ക്ക് പൂജപ്പുര ശ്രീ സരസ്വതി ദേവീക്ഷേത്ര ജനകീയ സമിതി അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊള്ളുന്നു.....



**ബ**ഹുമാന്യരേ,

നൂറ്റാണ്ടുകളുടെ പഴമപേറുന്ന പൂജപ്പുര ശ്രീ സരസ്വതി ദേവി ക്ഷേത്രത്തിലെ നവരാത്രി മഹോത്സവം 2026 ഒക്ടോബർ 11 മുതൽ 21 വരെ (1202 കന്നി 25 മുതൽ തുലാം 04 വരെ) ആഘോഷിക്കുകയാണ്.

ഇന്ത്യയിലങ്ങോളമിങ്ങോളം ആഘോഷിക്കപ്പെടുന്ന സാംസ്കാരിക ഉത്സവമാണ് നവരാത്രി. സർവ്വ കലകളുടെയും, സർഗ്ഗസിദ്ധികളുടെയും, കർമ്മശേഷിയുടെയും തിളക്കം ആവാഹിക്കാനുള്ള അവസരമാണ് ഈ നവരാത്രി നാളുകൾ.

സാരസ്വത വീണയിലെ സപ്തസ്വരങ്ങളെകൊണ്ട് ശ്രവണ സുന്ദരങ്ങളായ സംഗീതവും, സംഗീതത്തിന്റെ അകമ്പടിയോടെ നൃത്തവും മറ്റു ക്ഷേത്ര കലകളുടെയും, ആരാധനയുടെയും, അനുഷ്ഠാനങ്ങളുടെയും പതിനൊന്ന് ദിനരാത്രങ്ങൾ ഇതാ സമാഗതമായിരിക്കുന്നു.

പൂജപ്പുര നവരാത്രി മഹോത്സവവേളയിൽ ക്ഷേത്രാനുഷ്ഠാന കർമ്മങ്ങൾക്കൊപ്പം ദിവസവും പല വിശേഷാൽ പൂജകളും തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ നെല്ലിയോട് വിഷ്ണു നമ്പൂതിരി അവർകളുടെ മുഖ്യ കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെടുന്നു. വിജയദശമി ദിനത്തിൽ വിദ്യാരംഭം, കുമാരസ്വാമി എഴുന്നള്ളിപ്പ്, കാവടി ഘോഷയാത്ര, കാവടി അഭിഷേകം, പള്ളിവേട്ട എന്നിവ നടക്കുന്നു.

ക്ഷേത്രത്തിലെ മൂന്ന് പ്രധാന വേദികളിലായി രാപകൽ ഭേദമന്യേ വിവിധ കലാപരിപാടികൾ അരങ്ങേറുന്നു. കൂടാതെ സംഗീതോത്സവം, കനകസഭ സംഗീത സദസ്സ്, പ്രഭാഷണ പരമ്പര, സാഹിത്യ സാംസ്കാരിക സമ്മേളനം എന്നിവ മറ്റു ചില ആകർഷണീയതകളാണ്.

ക്ഷേത്ര ജനകീയ സമിതിയുടെ പൂർണ്ണ ചുമതലയിലാണ് ക്ഷേത്ര ഭരണ നിർവ്വഹണവും, ആചാരാനുഷ്ഠാനങ്ങൾ പ്രകാരമുള്ള പൂജാ കർമ്മങ്ങളും, വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും, ചിട്ടയായി നിർവ്വഹിച്ചുപോരുന്നത്.

പൂജപ്പുര നവരാത്രി മഹോത്സവത്തിലേക്ക് എല്ലാവരുടേയും സാന്നിധ്യസഹായ സഹകരണങ്ങൾ ദേവി നാമത്തിൽ അഭ്യർത്ഥിച്ചു കൊള്ളുന്നു.

പൂജപ്പുര,
16-09-2026

ക്ഷേത്ര ജനകീയ സമിതിക്കുവേണ്ടി,

| | | |
|---|---|---|
| **കെ. ശശികുമാർ** | **ടി.എസ്. വിജയകുമാർ** | **പി. ഗോപകുമാർ** |
| (പ്രസിഡന്റ്) | (ഖജാൻജി) | (സെക്രട്ടറി) |
| 9037020020 | 9446304808 | 9446051862 |



അക്ഷരരൂപിണിയായ
സരസ്വതി ദേവിയുടെ
ചൈതന്യം
നിറഞ്ഞു നിൽക്കുന്ന
പൂജപ്പുര
ശ്രീ സരസ്വതി ദേവീ
ക്ഷേത്രത്തിലേക്ക്
ഏവർക്കും

**സ്വാഗതം.....**



# നവരാത്രി

ഒൻപതു ദിനരാത്രങ്ങൾ,
എഴുതിരിയിട്ടു കത്തിച്ച നിലവിളക്കുപോലെ
മനസ്സു തിളക്കിയെടുക്കാനുള്ള
ഒൻപതു ദിനങ്ങൾ

മുഴുവൻ പ്രപഞ്ചത്തിന്റെയും
അമ്മയായ ദേവിയെ മനസ്സുകൊണ്ട്
പ്രാർത്ഥിക്കുന്ന
ഒൻപതു ദിനരാത്രങ്ങൾ

ഭക്തിയായും, സ്നേഹമായും,
ആഘോഷമായും, ധൈര്യമായുമൊക്കെ
നിറയുന്ന ദേവീ ചൈതന്യത്തെ
മനസ്സിലേക്കെത്തിക്കാനുള്ള
ഒൻപതു നാളുകൾ

നവരാത്രി,
ഒൻപതു രാത്രികളാണെങ്കിലും
നവം, അഥവാ പുതിയതെന്ന അർത്ഥത്തിൽ
പുതിയ ഒൻപതു ദിനരാത്രങ്ങൾ
കൂടിയാണ്.

മനസ്സിലെ കന്മഷവും,
കളങ്കങ്ങളും കഴുകി കളഞ്ഞ്
സ്ഫടിക സമാനമായ തിളക്കം
ആവാഹിക്കാനുള്ള
ഒൻപതു ദിവസങ്ങൾ.

സമസ്ത കലകളുടെയും,
സർഗ്ഗസിദ്ധികളുടെയും,
കർമ്മശേഷികളുടെയും, ഭാവനകളുടെയും,
സങ്കൽപ്പങ്ങളുടെയും നവീകരണവും,
പരിപോഷണവും നടക്കുന്ന
ഒൻപത് ദിവസങ്ങൾ.

നവരാത്രി ആരാധനയിൽ
ഏറെ പ്രധാനമാണ് പൂജവയ്പ്.
ദേവിയെ വിവിധ ഭാവങ്ങളിൽ
ആരാധിക്കുമെങ്കിലും കേരളത്തിൽ
പുസ്തകപൂജയാണ് പ്രധാനം.

എല്ലാ മംഗളങ്ങൾക്കും,
മംഗളകാരിണിയാണ് ദേവി. എല്ലാ
ആഗ്രഹങ്ങളും സാധിച്ചു തരുന്ന
അഭീഷ്ട ദേവത. എല്ലായ്പ്പോഴും
ശരണം പ്രാപിക്കാവുന്ന അമ്മ.

ദേവിയെ
പുസ്തക രൂപിണിയായി
ആരാധിക്കുകയെന്ന സങ്കൽപം
ഏറെ ഉദാത്തമാണ്. അറിവിനെ
ആരാധിക്കലാണത്.













# എന്താണ് നവരാത്രി..........?

**ശ**കവർഷ കലണ്ടർ പ്രകാരം ആശ്വിന മാസത്തിലെ വെളുത്തപക്ഷ പ്രഥമയ്ക്കാണ് നവരാത്രി ആരംഭം. ആദിശക്തിയായി ആരാധിക്കപ്പെടുന്ന ദുർഗാദേവിയുടെ വിവിധ രൂപങ്ങളുടെയും, അതുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളുടെയും കഥകളുമാണ് നവരാത്രിയുടെ ആധാരം.

മഹിഷാസുരനും, ചണ്ഡമുണ്ഡന്മാരും, മധുവും, കൈടഭനും, ശുംഭനിശുംഭന്മാരും, രക്തബീജനുമൊക്കെ ഉൾപ്പെടുന്ന അസുര ശക്തികളെ നിഗ്രഹിക്കാൻ പരാശക്തി അവതാരങ്ങൾ കൈക്കൊണ്ടുവെന്ന് ദേവീ മാഹാത്മ്യത്തിൽ വിശദമാക്കുന്നു. മഹിഷാസുര മർദ്ദിനീ സ്ത്രോത്രത്തിലും ഇതു സംബന്ധിച്ച പരാമർശങ്ങളുണ്ട്.

മന്ത്രിമാരുടെ ഗൂഢാലോചനയാൽ വനത്തിലേക്ക് പലായനം ചെയ്യേണ്ടി വന്ന സുരഥൻ എന്ന ചക്രവർത്തിക്കും, ബന്ധുക്കളാൽ വഞ്ചിതനായ സമാധി എന്ന വ്യാപാരിശ്രേഷ്ഠനും, ദേവിയുടെ നവാവതാരചരിത്രം മേധസ്സ് എന്ന മുനി പറഞ്ഞു കൊടുക്കുന്നതാണ് ദേവീമാഹാത്മ്യം. ഇതു മാർക്കണ്ഡേയ മുനി തന്റെ ശിഷ്യർക്ക് വിവരിച്ചു നൽകിയത് ഒൻപതു ദിവസങ്ങളിലായാണ്. ആ കാലയളവിന്റെ ഓർമ്മയിലാണ് നവരാത്രി ആവിർഭവിച്ചതെന്നും വിശ്വാസങ്ങളുണ്ട്. എഴുന്നൂറ് ശ്ലോകങ്ങളടങ്ങുന്നതാണ് ദേവീമാഹാത്മ്യം. ഇതു ദുർഗാസപ്തശതിയെന്നും അറിയപ്പെടുന്നു.

മധുകൈടഭന്മാരുടെ നിഗ്രഹത്തിനു പരാശക്തി മായാകാളീസ്വരൂപമാണ് സ്വീകരിച്ചത്. മഹിഷാസുരനെ വധിക്കാൻ ചണ്ഡികാസ്വരൂപത്തിലും, ശുംഭനിശുംഭന്മാരെയും, ചണ്ഡമുണ്ഡന്മാരെയും വധിക്കാൻ മഹാസരസ്വതീ സ്വരൂപവും കൈക്കൊണ്ടു. എല്ലാ ശുഭകാര്യങ്ങളുടെയും മൂർത്തീ രൂപമായാണ് ദേവിയെ ഉപാസിക്കുന്നത്. ശിവന്റെ താരകരൂപവും ദേവിതന്നെയെന്ന് ദേവീസ്തോത്രങ്ങളിലും പറയുന്നു.

സർവ്വമംഗള മംഗല്യയും, സർവാർഥസാധികയുമാണ് പരാശക്തി. ത്രയംബകയായി മൂന്നു നേത്രങ്ങളാൽ പ്രഭ ചൊരിഞ്ഞ് അഭയവരദായിനിയാണെന്നു **സർവ്വമംഗള മംഗല്യേ ശിവേ സർവാർഥ സാധികേ** എന്ന സ്തോത്രത്തിൽ കുറിക്കുന്നു. ആദിശക്തിയുടെ രൂപങ്ങൾക്ക് പൂക്കളർപ്പിക്കുന്നത് നവരാത്രി ദിവസങ്ങളിൽ നല്ലതാണെന്ന് പറയുന്നു. മുല്ലപ്പൂവാണ് ദുർഗ്ഗാദേവിയുടേതായി കണക്കാക്കുന്നത്. താമരയിൽ ലക്ഷ്മീ ദേവിയും. ദേവിക്കു കുങ്കുമവും ഏറെ പ്രിയമാണ്.

രാവണനെ നിഗ്രഹിക്കുന്നതിനു മുൻപ് ശ്രീരാമചന്ദ്രനും നവരാത്രി വ്രതം ആചരിച്ചിരുന്നുവെന്ന് രാമായണത്തിൽ പരാമർശമുണ്ട്. വ്രത സമാപ്തിക്കുശേഷം ശ്രീരാമൻ ലങ്ക ആക്രമിച്ചു സീതാദേവിയെ വീണ്ടെടുത്തതു നവരാത്രിക്കുശേഷം ദീപാവലിയായി ആഘോഷിക്കുന്നു.

ആദ്യ മൂന്നുദിനം തമോഗുണം കുറയ്ക്കാൻ മഹാകാളിയേയും, അടുത്ത മൂന്നുദിനം സത്വഗുണ വർദ്ധനയ്ക്കായി മഹാലക്ഷ്മിയേയും, അവസാന മൂന്നു ദിനം വിദ്യാഗുണവർദ്ധനയ്ക്കായി മഹാസരസ്വതീ ദേവിയേയും ആരാധിക്കുന്നതാണ് പൊതുവേ നവരാത്രിയിലെ ക്രമം. എല്ലാ ദേവതകൾക്കും സ്ഥൂലം, സൂക്ഷ്മം എന്നു രണ്ടു തരം രൂപമുണ്ട്. മഹാലക്ഷ്മി ഈ രണ്ടു രൂപത്തോടും കൂടിയ മായാശബള ബ്രഹ്മസ്വരൂപിണിയും, ത്രിഗുണാത്മികയും പതിനാറു കലകളോടും കൂടിയ പൂർണയുമാണ്. ദേവി ബ്രഹ്മസ്വരൂപിണി കൂടിയാണ്. ലോകരക്ഷയ്ക്കായി ഒരേ ശക്തി തന്നെ കർമത്തിന്റെ അടിസ്ഥാനത്തിൽ മൂന്നായി തീർന്നതാണ്. ശുദ്ധമായ സത്വഗുണ രൂപിണിയായ മഹാസരസ്വതി വിദ്യാ ദേവതയുമാണ്.

അവലംബം : ദേവീമാഹാത്മ്യം
ദശാവതാര ചരിത്രം
രാമായണം

## ദേവി : പ്രപഞ്ചമാതാവ്

ശരത് കാലത്തിനു തുടക്കം.....

ദേവീ പൂജയുടെ പുണ്യം നിറയുന്ന നവരാത്രിനാളുകൾക്കും.....

ചാന്ദ്രപക്ഷ അശ്വിനമാസത്തിലെ വെളുത്തപക്ഷ പ്രഥമ മുതൽ ഒൻപത് നാൾ........



ദേവീ ചൈതന്യത്തിന്റെ ഭക്തി തുളുമ്പുന്ന ഈ നവരാത്രി നാളുകളിൽ ദേവീഭാഗവതത്തിലെയും, ദേവീമാഹാത്മ്യത്തിലെയും, പുരാണങ്ങളിലെയും കഥകളിലൂടെ ഒരു പുണ്യയാത്ര........

ഈ ഭൂമി തിരിയുന്നത് എന്തു ശക്തികൊണ്ട്.........?



ഇക്കാണുന്ന പ്രപഞ്ചം കോടിക്കണക്കിനു കൊല്ലങ്ങളായി അഭംഗുരം തുടരുന്നത് ഏതു ശക്തികൊണ്ട്.........?

നമ്മെ പ്രവർത്തന നിരതരാക്കുന്നത് ഏതു ശക്തി.........?

ഈ ചോദ്യങ്ങൾക്കെല്ലാം ദേവീഭാഗവതം തരുന്ന ഉത്തരം ഒന്നു മാത്രം : പരാശക്തി സ്വരൂപിണിയായ സാക്ഷാൽ ദേവി.

**താം സർവവിശ്വജനനീം മനസാ സ്മരാമി.........** എന്നാണ് ദേവീഭാഗവതത്തിലെ പ്രാർത്ഥന. പ്രപഞ്ചമാതാവായ ദേവിയെ മനസാ സ്മരിക്കുന്നു എന്ന്.



ബ്രഹ്മാവിനു സൃഷ്ടിക്കും, മഹാവിഷ്ണുവിനു ലോകപാലനത്തിനും, പരമശിവനു സംഹാര നിർവഹണത്തിനും ശക്തി നൽകുന്നത് ആദിപരാശക്തിയായ പ്രപഞ്ചമാതാവ് തന്നെയെന്ന് ദേവീഭാഗവതം പറയുന്നു. നമ്മെ ഓരോരുത്തരെയും പ്രവർത്തനോന്മുഖരാക്കുന്ന ശക്തി ചൈതന്യത്തെ ഉദ്ദീപിപ്പിക്കൽ തന്നെയാണ് ദേവീ പൂജ. പരാശക്തിസ്വരൂപിണിയായ സാക്ഷാൽ ദേവിയെ സർവമംഗളകാരിണിയായ പാർവതീ ദേവിയായും, ഐശ്വര്യദേവതയായ ലക്ഷ്മി ദേവിയായും, അക്ഷരാത്മികയായ സരസ്വതി ദേവിയായും ആരാധിക്കുന്നു.







## ദേവി : സൃഷ്ടി ചൈതന്യം

പ്രപഞ്ചത്തിന്റെ ശക്തിസ്വരൂപമായ ദേവി ഓരോ സൃഷ്ടിയിലും നിറഞ്ഞു നിൽക്കുന്ന ചൈതന്യം കൂടിയാണ്. ഭൂമി തന്നെ ദേവിയാണല്ലോ. ഈ ഭൂമിയിലെ ഓരോ സൃഷ്ടിയിലും നാം ദേവിയെ ദർശിച്ചു.

നദികളെയും ദേവിയായാണ് നാം കാണുന്നത്.

**ഗംഗേ ച യമുനേ ചൈവ ഗോദാവരി**

**സരസ്വതി നർമദേ സിന്ധു കാവേരി**

**ജലേസ്മിൻ സന്നിധിം കുരു.....**

നദികളെ മുഴുവൻ ദേവിയായി ആരാധിക്കുന്ന ഈ പുണ്യാഹ മന്ത്രം ആധുനിക ലോകത്തിന്റെ കാതുകളിൽ സർവ്വധാ മുഴങ്ങേണ്ട പരിസ്ഥിതി മന്ത്രം കൂടിയാണ്.

മൃഗങ്ങളിലും, ഇഴജന്തുക്കളിലും, ചെടികളിലും പോലും ദേവിയെ കണ്ടവരാണ് നാം. കാമധേനുവിനെ ലോകമാതാവായ ദേവിയായിട്ടാണ് ദേവീഭാഗവതത്തിൽ സ്തുതിക്കുന്നത്. നാഗമാതാവും, നാഗകന്യകയുമൊക്കെ പാമ്പുകളിലെ ദേവീരൂപമാണ്.

ചെടികളിലെ ദേവിയാണ് വിഷ്ണുപ്രിയ എന്നു പേരുള്ള തുളസി.

അതുകൊണ്ടുതന്നെ ദേവീപൂജ എന്നാൽ സകല ജീവജാലങ്ങളും അടങ്ങുന്ന ഈ പ്രപഞ്ചത്തെ ആരാധിക്കൽകൂടിയാണ്.



## ദേവി : ശക്തി ചൈതന്യം








സ്ത്രീത്വത്തിന്റെ ശക്തി ചൈതന്യമാണ് ദേവീസങ്കൽപം. പ്രപഞ്ചത്തിലെ ഓരോ ചലനത്തിനും കാരണമായ ആദിപരാശക്തി തന്നെയാണത്. ആ ശക്തി ചൈതന്യത്തെ നാം വൈവിധ്യമാർന്ന ദേവീഭാവങ്ങളിൽ ആരാധിക്കുന്നുവെന്നുമാത്രം.

ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്ന ത്രിമൂർത്തി സങ്കൽപം പോലെ ശക്തിസ്വരൂപിണിയായ ദേവിയ്ക്കും അടിസ്ഥാനപരമായി മൂന്നു ഭാവങ്ങൾ ഉണ്ട്. സരസ്വതി, ലക്ഷ്മി, പാർവതി.
അറിവിന്റെ ദേവതയായി സരസ്വതീ ദേവി, ഐശ്വര്യ ദേവതയായി ലക്ഷ്മീ ദേവി, കരുത്തിന്റെ പ്രതീകമായി പാർവതീ ദേവി.

ദേവീ മാഹാത്മ്യത്തിലെ പ്രാർത്ഥന എന്തെന്നാൽ **സരസ്വതിയെന്നും, ലക്ഷ്മിയെന്നും, പാർവതിയെന്നും വിളിക്കുന്ന സാക്ഷാൽ ദേവി ഞങ്ങളെ എല്ലാ ആപത്തുകളിൽ നിന്നും രക്ഷിക്കേണമേ** എന്നതാണ്.

## വീണയുടെ കഥ................

ഒരിക്കൽ അഗസ്ത്യമുനി സ്വർഗലോകത്തെത്തി. ദേവേന്ദ്രൻ അദ്ദേഹത്തെ സ്വീകരിച്ചു. മുനിയുടെ ബഹുമാനാർത്ഥം ഇന്ദ്രസദസ്സിൽ ഉവർശിയുടെ നൃത്തം ആരംഭിച്ചു. പാട്ടിന്റെ താളത്തിനൊത്ത് നാരദൻ തന്റെ വീണ വായിക്കുന്നുണ്ട്. അപ്പോഴാണ് ഇന്ദ്രപുത്രനായ ജയന്തൻ അവിടെയെത്തിയത്. ജയന്തൻ വരുന്നതുകണ്ട് ഉർവശി അങ്ങോട്ടു നോക്കിയപ്പോൾ നൃത്തത്തിന്റെ താളം തെറ്റി. അതോടെ നാരദന്റെ വീണ വായനയും പിഴച്ചു.



ദേഷ്യം വന്ന അഗസ്ത്യമുനി ജയന്തനെയും, ഉർവശിയെയും ശപിച്ചു. നാരദന്റെ വീണയെ ഭൂമിയിലേക്ക് അയക്കുകയും ചെയ്തു.

അങ്ങനെയാണത്രേ മനുഷ്യർക്ക് വീണ എന്ന സംഗീതോപകരണം ലഭിച്ചത്.

അവലംബം : വായുപുരാണം



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപിസരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.00 | : | ഗ്രന്ഥസമർപ്പണം |
| 7.30 | : | ഗൃഹപൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.00 | : | മഹാസുദർശന ഹോമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | ശൈലപുത്രീദേവിക്ക് ദീപാരാധന |
| 7.30 | : | നവദുർഗ്ഗ പൂജ |
| 8.00 | : | അത്താഴപൂജ |
| 8.30 | : | **കനകസഭാദർശനം** |



ശൈലപുത്രി

ശ്രീ സരസ്വതീ ദേവിയുടെ ശൈലപുത്രീ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു

**നവരാത്രി കനകസഭാസംഗീതസദസ്**

വീണ : ശ്രീമതി. **ഹരിപ്രിയ**
ആയാംകുടി

9.30 : തിരുനട അടയ്ക്കൽ

**ഒന്നാം തിരുഉത്സവം**
11-10-2026
25-02-1202

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

| | | | |
|---|---|---|---|
| രാവിലെ | 7.00 | : | **ഭക്തിഗാനസുധ** : തുളസീതീർത്ഥം, മണക്കാട് |
| | 8.00 | : | **നാദാമൃതം** : നവഗ്രഹാസ്, തിരുവനന്തപുരം |
| | 9.00 | : | **ശ്രീ ലളിതോപാഖ്യാന പാരായണം** : ശ്രീധർമ്മശാസ്താക്ഷേത്ര സത്സംഗസമിതി, തച്ചോട്ടുകാവ് |
| | 12.00 | : | **ലളിതാസഹസ്രനാമ പാരായണം** : മാതാ അമൃത മാതൃസംസ്കൃതി കേന്ദ്രം, കൈമനം |
| | 1.00 | : | **ഭജന** : ഹരിശ്രീ ഭജൻസ്, പാൽക്കുളങ്ങര |
| | 2.00 | : | **ഭക്തിഗാനസുധ** : മാസ്റ്റർ ആദിത്യൻ, തിരുവനന്തപുരം |
| | 3.00 | : | **സംഗീതാർച്ചന** : നൂപുര കലാകേന്ദ്ര, തിരുവനന്തപുരം |
| | 6.00 | : | **നവരാത്രി സംഗീതോത്സവം** |

ഉദ്ഘാടനം : **ശ്രീ. ശ്രീകുമാരൻ തമ്പി**
വായ്പ്പാട്ട് : **ശ്രീ. നന്ദൻകോട് ഹരീഷ്ബാബു**
വയലിൻ : ശ്രീ. വൈഷ്ണവ്. ബി
മൃദംഗം : ശ്രീ. സൂരജ്

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

| | | | |
|---|---|---|---|
| രാവിലെ | 7.00 : | **ഭക്തിഗാനാർച്ചന** | : സ്വരാഞ്ജലി ഭജൻസ്, കമലേശ്വരം |
| | 8.00 : | **ഭക്തിഗാനാർച്ചന** | : ശ്രീ മഹാദേവ സ്കൂൾ ഓഫ് മ്യൂസിക്, ചേങ്കോട്ടുകോണം |
| | 9.00 : | **സംഗീത കച്ചേരി** | : ശ്രീമതി സജിത സന്തോഷ്കുമാർ, വലിയവിള |
| | 10.00 : | **നൃത്താർച്ചന** | : അനുഗ്രഹ സ്കൂൾ ഓഫ് ആർട്സ്, തമലം |
| | 11.00 : | **നാമമധുരം** | : ബ്രഹ്മശ്രീ ശിവപ്രസാദ് നമ്പൂതിരി, കോട്ടയം |
| | 12.00 : | **വൃന്ദവാദ്യം** | : ഹൈനസ് മ്യൂസിക്സ്, നാലാഞ്ചിറ |
| | 1.00 : | **തിരുവാതിര** | : നൃത്താഞ്ജലി ഡാൻസ് സ്റ്റുഡിയോ, ഇലിപ്പോട് |
| | 2.00 : | **നൃത്തനൃത്ത്യങ്ങൾ** | : ഗൗരി ഫൗണ്ടേഷൻ, വഞ്ചിയൂർ |
| | 3.00 : | **കുച്ചുപ്പുടി** | : ശ്രീമതി ആര്യ എസ് നായർ, തിരുവനന്തപുരം |

വൈകു 5.00 : **നവരാത്രി മഹോത്സവം 2026**
**ഉദ്ഘാടന സമ്മേളനം**
**വാണീമണി പുരസ്കാര സമർപ്പണം**

**ക്ഷേത്ര തിരുമുറ്റം**
വൈകു. 3 മണി
**വയലിൻ ഫ്യൂഷൻ**
നാദപ്രിയം, തിരുമല

**ഉദ്ഘാടനവും പുരസ്കാര സമർപ്പണവും** : **ശ്രീ. കെ. മുരളീധരൻ** (ആരോഗ്യ, ദേവസ്വം വകുപ്പ് മന്ത്രി)

**പുരസ്കാരം ഏറ്റുവാങ്ങൽ** : **ശ്രീ. ശ്രീകുമാരൻ തമ്പി**

**മുഖ്യ പ്രഭാഷണം** :
1. **ഡോ. ശശി തരൂർ** എം.പി
2. **ശ്രീ. രാജീവ് ചന്ദ്രശേഖർ** എം.എൽ.എ
3. **ശ്രീ. എൻ. ശക്തൻ** എം.എൽ.എ
4. **അഡ്വ. വി.വി. രാജേഷ്** (മേയർ)
5. **ശ്രീ. എം. വിജയകുമാർ** (മുൻ സ്പീക്കർ)

**ആശംസ** :
**ശ്രീ. വി. ശിവൻകുട്ടി** (മുൻ മന്ത്രി)
**ശ്രീമതി. ജി.എസ്. ആശാനാഥ്** (ഡെപ്യൂട്ടി മേയർ)
**അഡ്വ. കെ.എസ്. ശബരിനാഥൻ** (കൗൺസിലർ)
**ശ്രീമതി. റ്റി. രാജലക്ഷ്മി** (കൗൺസിലർ)
**ശ്രീ. കെ. ഗോപകുമാർ** (കൗൺസിലർ)
**ശ്രീ. ആർ.പി. ശിവജി** (കൗൺസിലർ)
**ശ്രീ. കരമന ജയൻ** (ഭരണസമിതി അംഗം, ശ്രീ പത്മനാഭസ്വാമി ക്ഷേത്രം)
**അഡ്വ. കെ. ചന്ദ്രിക** (മുൻ മേയർ)
**അഡ്വ. എസ്. ജയിൽകുമാർ**

രാത്രി 9.00 : **നൃത്തനൃത്ത്യങ്ങൾ** : ഹരിശ്രീ സ്കൂൾ ഓഫ് ഡാൻസ്, പൂജപ്പുര



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപിസരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.00 | : | മഹാമൃത്യുഞ്ജയ ഹോമം |
| 7.30 | : | ഗ്രഹപൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| | | |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | ബ്രഹ്മചാരിണീ ദേവിയ്ക്ക് ദീപാരാധന |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |
| 8.30 | : | **കനകസഭാദർശനം** |

ശ്രീ സരസ്വതീ ദേവിയുടെ ബ്രഹ്മചാരിണീ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു



ബ്രഹ്മചാരിണി

### നവരാത്രി കനകസഭാസംഗീതസദസ്

1) വായ്പ്പാട്ട് : കുമാരി. **ഗൗരി റ്റി.എസ്**
തിരുമല

---

2) വായ്പ്പാട്ട് : ശ്രീ. **അജികുമാർ. റ്റി**
നെയ്യാറ്റിൻകര

9.30 : തിരുനട അടയ്ക്കൽ

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 7.00 : **ഭജന :** കർമ്മസ്യ, കരിക്കകം

8.00 : **ഭക്തിഗാനാമൃതം :** തത്വമസി ഭജൻസ്, കുന്നപ്പുഴ

9.00 : **നാരായണീയ പാരായണം :** ശ്രീപാദ സേവാസമിതി, വട്ടിയൂർക്കാവ്

1.00 : **ഭക്തിഗാനസുധ :** ശ്രീദുർഗ്ഗാ ഭജൻസ്, മണക്കാട്

2.30 : **ഭജന :** വേണി മ്യൂസിക്സ്, ആറ്റിങ്ങൽ

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

വായ്പ്പാട്ട് : **ഡോ. അശ്വതി സമ്പത്ത്**
വയലിൻ : ഡോ. സമ്പത്ത്
മൃദംഗം : ശ്രീ. ചങ്ങനാശ്ശേരി ജയൻ
ഘടം : ശ്രീ. അരുൺചന്ദ്രൻ

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

രാവിലെ 7.00 : **ഭക്തിഗാനാഞ്ജലി :** സാഗർ മ്യൂസിക്, പേട്ട
8.00 : **ഭക്തിഗാനസുധ :** നമാമി ശങ്കരം ഭജൻസ്, ശാസ്തമംഗലം
9.00 : **നൃത്താർച്ചന :** ശ്രീ കേശവം സ്കൂൾ ഓഫ് ഡാൻസ്, മരുതൻകുഴി
10.00 : **ഭരതനാട്യം, വീണ :** പ്രണവം നാട്യഗൃഹം, വലിയശാല
11.00 : **നൃത്തനൃത്ത്യങ്ങൾ :** അനന്തപത്മം ഡാൻസ് അക്കാഡമി, പള്ളിച്ചൽ
12.00 : **നൃത്തനൃത്ത്യങ്ങൾ :** രംഗശ്രീ സ്കൂൾ ഓഫ് ഡാൻസ്, മാറനല്ലൂർ
1.00 : **കൈകൊട്ടിക്കളി, കോൽകളി :** ത്രയംബകം നൃത്തമാമാങ്കം, കുന്നപ്പുഴ
2.00 : **ഭരതനാട്യം :** കലാഞ്ജലി ഡാൻസ് സ്കൂൾ, മുട്ടട
2.30 : **നൃത്തനൃത്ത്യങ്ങൾ :** ശിവഗംഗ ശാസ്ത്രീയ നൃത്ത വിദ്യാലയം, ഇലിപ്പോട്
3.00 : **കൈകൊട്ടിക്കളി :** കണ്ണകി കൈകൊട്ടിക്കളി ടീം, മേലാംകോട്
3.30 : **തിരുവാതിര :** ഉദിയന്നൂർ ദേവി തിരുവാതിര സംഘം, മരുതൻകുഴി

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര - 1**

പ്രഭാഷക : **പ്രൊഫ. സരിത അയ്യർ,**
ഏറ്റുമാനൂരപ്പൻ കോളേജ്
വിഷയം : വേദം നിത്യജീവിതത്തിൽ

9.00 : **നൃത്തനൃത്ത്യങ്ങൾ :** നൃപുര കലാകേന്ദ്ര, പൂജപ്പുര

**2026 ഒക്ടോബർ 13**

**1202 കന്നി 27 ചൊവ്വ**

## പൂജാനുഷ്ഠാനങ്ങൾ



ചന്ദ്രഖണ്ഡ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപി സരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.30 | : | ഗൃഹപൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 9.00 | : | നാഗർപൂജ |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |

| | | |
|---|---|---|
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 6.45 | : | സന്ധ്യാ ദീപാരാധന |
| | : | ചന്ദ്രഖണ്ഡ ദേവിയ്ക്ക് ദീപാരാധന |
| 7.00 | : | തൃഷ്ടുപ്പ് ഹോമം |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |

8.30 : **കനകസഭാദർശനം**

ശ്രീ സരസ്വതീ ദേവിയുടെ ചന്ദ്രഖണ്ഡ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു.

### നവരാത്രി കനകസഭാസംഗീതസദസ്

| | | |
|---|---|---|
| 1) വായ്പ്പാട്ട് | : | ശ്രീ. **ഗോകുൽ സി.എസ്** പൂജപ്പുര |
| 2) വായ്പ്പാട്ട് | : | മാസ്റ്റർ **ഭരത് ബി.എസ്** വെടിവച്ചാൻകോവിൽ |

9.30 : തിരുനട അടയ്ക്കൽ

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 7.00 : **ഭജന :** ഗീതാഗോവിന്ദം ഭജൻസ്, ഊക്കോട്

8.00 : **ഭജന :** കൈലാസം ഭജൻസ്, ചെങ്കള്ളൂർ

9.00 : **ദേവീ മാഹാത്മ്യപാരായണം :** ഉദിയന്നൂർ നാരായണസമിതി, മരുതൻകുഴി

12.00 : **സംഗീതാർച്ചന :** ആരഭി സംഗീത അക്കാഡമി, കാട്ടാക്കട

2.00 : **ഭജന :** ശ്രീ നാദമയി ഭജൻ മണ്ഡലി, തിരുവനന്തപുരം

3.00 : **സംഗീതകച്ചേരി :** കുമാരി ഭദ്ര പി.എസ്, മൈലക്കര

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

വായ്പ്പാട്ട് : **ശ്രീ. കാവാലം സജീവ്**

വയലിൻ : പ്രൊഫ. ഈശ്വര വർമ്മ

മൃദംഗം : ശ്രീ. ചേർത്തല ജയദേവൻ

ഘടം : ശ്രീ. എണ്ണയ്ക്കാട് മഹേശ്വരൻ

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

രാവിലെ 7.00 : **ഭജനാമൃതം** : ശിവഗംഗ ഭജൻസ്, നീറമൺകര

8.00 : **ഭക്തിഗാനമേള** : റെയിൻബോ കലാവേദി, പേട്ട

9.00 : **നൃത്തനൃത്ത്യങ്ങൾ** : നികുഞ്ജം ഡാൻസ് & മ്യൂസിക് അക്കാഡമി, പ്രാവച്ചമ്പലം

10.00 : **ഭക്തിഗാനമേള** : ഗമഗം ഗ്രൂപ്പ് ഓഫ് മ്യൂസിക്, മണ്ണന്തല

11.00 : **നൃത്തം** : ശ്രീമതി. വിനീത മനു, പൂജപ്പുര

12.00 : **സംഗീതകച്ചേരി** : മാസ്റ്റർ അക്ഷിത് കെ അജിത്, ബാലരാമപുരം

2.00 : **ഗസൽ (ഹിന്ദുസ്ഥാനി സംഗീതം)** : ശ്രീ. ജോസ് കടവിൽ, തിരുവനന്തപുരം

3.00 : **നൃത്തനൃത്ത്യങ്ങൾ** : മഞ്ചീരം നൃത്തകലാക്ഷേത്രം, കരമന

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര – 2**

പ്രഭാഷക : **ശ്രീമതി കൊച്ചുത്രേസ്യ കൈപ്പള്ളിൽ,**
**കാർത്തികപ്പള്ളി**

വിഷയം : ആത്മീയത : ലഹരിയുടെ നിറവ്

9.00 : **ഗാനമേള** : ബ്രഹ്മാനന്ദ സൂര്യാസ് എന്റർടൈൻമെന്റ്സ്,
തിരുവനന്തപുരം



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.00 | : | പള്ളി ഉണർത്തൽ |
| 4.15 | : | തിരുനട തുറക്കൽ |
| 4.30 } 7.30 | : | ശ്രീ സരസ്വതി യാമപൂജ & മഹാസാരസ്വത മംഗളഹോമം |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപി സരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.30 | : | ഗ്രഹപൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | കൂശ്മാണ്ഡ ദേവിയ്ക്ക് ദീപാരാധന |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |
| 8.30 | : | **കനകസഭാദർശനം** |

ശ്രീ സരസ്വതീ ദേവിയുടെ കൂശ്മാണ്ഡ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു



കൂശ്മാണ്ഡ

### നവരാത്രി കനകസഭാസംഗീതസദസ്

1) വായ്പ്പാട്ട് : **കുമാരി. സുരഭി കൃഷ്ണ**
പൂജപ്പുര

2) വായ്പ്പാട്ട് : **കുമാരി. മേഘ വിശ്വംഭരൻ**
**& ഡോ. ഭവാനി**
തിരുവനന്തപുരം

9.30 : തിരുനട അടയ്ക്കൽ

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 7.00 : **ഭജനാമൃതം** : ശ്രീ മൂകാംബിക ഭജൻസ്, പൂജപ്പുര
8.00 : **ഭജന** : ത്രയംബക ഭജന ട്രൂപ്പ്, വലിയവിള
9.00 : **ദേവിമാഹാത്മ്യപാരായണം** : വനമാലി നാരായണീയസമിതി, തിരുവനന്തപുരം
12.00 : **ക്ലാസിക്കൽ ഭജന** : ഉദിയന്നൂർ ശ്രീരഞ്ജിനി ഭജൻസ്, മരുതൻകുഴി
1.30 : **ഭജന** : ശിവശൈലം ഭജൻസ്, തളിയൽ
3.00 : **ഭക്തിഗാനസുധ** : തേക്കട നെട്ടയക്കോട് ശ്രീദുർഗ്ഗ ഭഗവതിക്ഷേത്ര ട്രസ്റ്റ്, വെമ്പായം

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

| | | |
|---|---|---|
| വായ്പ്പാട്ട് | : | **ശ്രീ. അരുൺ ജി.എസ്** |
| വയലിൻ | : | ഡോ. വൃന്ദാവർമ്മ |
| മൃദംഗം | : | ശ്രീ. വൈപ്പിൻ സതീഷ് |
| ഘടം | : | ശ്രീ. തിരുവനന്തപുരം മനോജ് |

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

| | | | |
|---|---|---|---|
| രാവിലെ 7.00 : | **സംഗീതാർച്ചന** | : | അനുഗ്രഹ സ്കൂൾ ഓഫ് ആർട്സ്, തമലം |
| 8.00 : | **ഭരതനാട്യം** | : | ധ്വനി തരംഗ് സ്കൂൾ ഓഫ് ആർട്സ്, ജഗതി |
| 9.00 : | **നൃത്തനൃത്ത്യങ്ങൾ** | : | കുമാരി. നികിത വി. നായർ & കുമാരി. അവന്തിക, മരുതൻകുഴി |
| 10.00 : | **നൃത്തനൃത്ത്യങ്ങൾ** | : | നാട്യഭാവ സ്പേസ് ഓഫ് ഡാൻസ് & മ്യൂസിക്, വട്ടിയൂർക്കാവ് |
| 11.00 : | **സംഗീതാർച്ചന** | : | ശ്യാമസുന്ദരം ഗ്രൂപ്പ്, തൈയ്ക്കാട് |
| 12.00 : | **തിരുവാതിര** | : | ശ്രീകൃഷ്ണപുരം തിരുവാതിര സംഘം, മലയിൻകീഴ് |
| 1.00 : | **നൃത്തനൃത്ത്യങ്ങൾ** | : | ചിദംബരനാഥ നൃത്തവിദ്യാലയം, വെള്ളായണി |
| 2.00 : | **നൃത്തനൃത്ത്യങ്ങൾ** | : | ജ്വാല ഡാൻസ് അക്കാദമി, തിരുമല |
| 3.00 : | **തിരുവാതിര** | : | സൃഷ്ടി തിരുവാതിര സംഘം, തിരുമല |
| 3.30 : | **നൃത്തനൃത്ത്യങ്ങൾ** | : | ഭരതകല ഡാൻസ് & മ്യൂസിക് കൾച്ചറൽ സൊസൈറ്റി, തിരുവനന്തപുരം |

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര – 3**

| | | |
|---|---|---|
| പ്രഭാഷകൻ | : | **ശ്രീ ബി. രഘുനാഥൻ പിള്ള,** ആചാര്യൻ, ഉദിയന്നൂർ ദേവീ ക്ഷേത്രം, തിരുവനന്തപുരം |
| വിഷയം | : | ലളിതാസഹസ്രനാമം |

9.00 : **നൃത്തസന്ധ്യ** : എസ്.കെ. ഡാൻസ് അക്കാഡമി, കാലടി



## പൂജാനുഷ്ഠാനങ്ങൾ

| | | | |
|---|---|---|---|
| രാവിലെ | 4.30 | : | പള്ളി ഉണർത്തൽ |
| | 5.00 | : | തിരുനട തുറക്കൽ |
| | 5.15 | : | ഹരിനാമകീർത്തനം |
| | 5.30 | : | അഷ്ടാഭിഷേകം |
| | 6.15 | : | ലിപി സരസ്വതി പൂജ |
| | 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| | 7.00 | : | ദക്ഷിണാമൂർത്തി പൂജ |
| | 7.30 | : | ഗ്രഹപൂജ, കലശപൂജ |
| | 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| | 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| | 11.30 | : | ഉച്ചപൂജ |
| | 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: | 4.30 | : | തിരുനട തുറക്കൽ |
| | | : | ലളിതാസഹസ്രനാമം |
| | 5.30 | : | ഭഗവതിസേവ |
| | 6.15 | : | ഭരദേവതാപൂജ |
| | 7.00 | : | സന്ധ്യാ ദീപാരാധന |
| | | : | സ്കന്ദമാതാ ദേവിയ്ക്ക് ദീപാരാധന |
| | 7.30 | : | നവദുർഗ്ഗപൂജ |
| | 8.00 | : | അത്താഴപൂജ |

8.30 : **കനകസഭാദർശനം**

ശ്രീ സരസ്വതീ ദേവിയുടെ സ്കന്ദമാതാ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു



സ്കന്ദമാതാ

### നവരാത്രി കനകസഭാസംഗീതസദസ്

1) വായ്പ്പാട്ട് : കുമാരി. **നീലിമ**
വിളപ്പിൽശാല

2) വായ്പ്പാട്ട് : കുമാരി. **വൈഷ്ണവി**
പുന്നയ്ക്കാമുകൾ

9.30 : തിരുനട അടയ്ക്കൽ

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

| | | |
|---|---|---|
| രാവിലെ 7.00 | : | **നാരായണീയ പാരായണം** : മാധവ സത്സംഗസമിതി, മലയിൻകീഴ് |
| 11.00 | : | **ഭജന** : തെക്കേവീട് ഗാനാമൃതം, വട്ടവിള |
| 12.00 | : | **ഭജന** : ശ്രീ കൈലാസനാഥൻ ഭജൻസ്, കണ്ണേറ്റുമുക്ക് |
| 2.00 | : | **ദേവീ മാഹാത്മ്യ പാരായണം** : തൃപ്പലിയൂർ ശ്രീ മഹാവിഷ്ണുക്ഷേത്ര പുരാണ പാരായണസമിതി, വെങ്ങാനൂർ |

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

| | | |
|---|---|---|
| വായ്പ്പാട്ട് | : | **ശ്രീ. പൂജപ്പുര മോഹനകുമാർ** |
| വയലിൻ | : | ശ്രീ. തിരുവനന്തപുരം ശ്രീകാന്ത് |
| മൃദംഗം | : | ശ്രീ. അമരവിള പത്മകുമാർ |
| ഘടം | : | ശ്രീ. തിരുവനന്തപുരം രാമസ്വാമി അയ്യർ |

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

| | | |
|---|---|---|
| രാവിലെ 7.00 : | **ഭക്തിഗാനസുധ** | : ശ്രീമതി. വി. ശശികലാദേവി, നേമം |
| 8.00 : | **ഭക്തിഗാനാമൃതം** | : പാവ്നി മ്യൂസിക്, ശാസ്തമംഗലം |
| 9.00 : | **ഭരതനാട്യം** | : കുമാരി മീനാക്ഷി രജിത്ത്, കൈമനം |
| 10.00 : | **ക്ലാസിക്കൽ ഡാൻസ്** | : ധ്വനി നാട്യക്ഷേത്ര, കരിക്കകം |
| 11.00 : | **ഭക്തിഗാനാഞ്ജലി** | : അംബ ഭജൻസ്, പേട്ട |
| 12.00 : | **നൃത്തനൃത്ത്യങ്ങൾ** | : ശ്രീ നാദാംബിക ഡാൻസ് സ്റ്റുഡിയോ, ജഗതി |
| 1.00 : | **തിരുവാതിര** | : ശ്രീ കേശവപുരം തിരുവാതിര സംഘം, മരുതൻകുഴി |
| 2.00 : | **നൃത്തനൃത്ത്യങ്ങൾ** | : നൃത്യസാധന കലാക്ഷേത്ര, കാട്ടാക്കട |
| 3.00 : | **നൃത്തനൃത്ത്യങ്ങൾ** | : ശിവാംശ നാട്യാലയ, മലയിൻകീഴ് |

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര – 4**

പ്രഭാഷകൻ : **ശ്രീ ഗുരു യോഗി ശിവൻ,**
ഇൻഡിമസി ഹീലിംഗ് വില്ലേജ്,
പൂവത്തൂർ, തിരുവനന്തപുരം

വിഷയം : നവരാത്രിയുടെ ആരോഗ്യ സങ്കല്പം

9.00 : **ഭക്തിഗാനമേള** : ഹൈലൈറ്റ് ഓർക്കസ്ട്ര, കരമന



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപി സരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.00 | : | സുകൃതഹോമം |
| 7.30 | : | ഗ്രഹ പൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 6.45 | : | സന്ധ്യാ ദീപാരാധന |
| | : | കാത്ത്യായിനി ദേവിയ്ക്ക് ദീപാരാധന |
| 7.00 | : | പുഷ്പാഭിഷേകം |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |
| 8.30 | : | **കനകസഭാദർശനം** |



കാത്ത്യായിനി

ശ്രീ സരസ്വതീ ദേവിയുടെ കാത്ത്യായിനി ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു

### നവരാത്രി കനകസഭാസംഗീതസദസ്

1) വായ്പ്പാട്ട് : കുമാരി. **പവിത്ര എ.പി**
പൂജപ്പുര

2) വായ്പ്പാട്ട് : ശ്രീമതി. **ശ്രീജ പി.കെ**
കുണ്ടമൺഭാഗം

9.30 : തിരുനട അടയ്ക്കൽ

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 6.00
വൈകു. 6.00 } ശ്രീ സരസ്വതി ദേവി അഖണ്ഡ നാമജപാർച്ചന



വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

| | | |
|---|---|---|
| വായ്പ്പാട്ട് | : | **ശ്രീമതി. ശ്രീവിദ്യ** (സെക്കന്തരാബാദ്) |
| വയലിൻ | : | ശ്രീ. വിവേക് രാജ |
| മൃദംഗം | : | ശ്രീ. എൻ. ഹരി (ആകാശവാണി, കോഴിക്കോട്) |
| ഘടം | : | ശ്രീ. കോവൈ സുരേഷ് |

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

രാവിലെ 7.00 : **ഭജന** : ശിവപാർവ്വതി ഭജൻസ്, ജഗതി
8.00 : **ദേവീമാഹാത്മ്യ പാരായണം** : ദുർഗ്ഗാദേവി നാരായണീയ പാരായണ സമിതി, മണികണ്ഠേശ്വരം

ഉച്ചയ്ക്ക് 12.00 :  **അന്നദാനം**

വൈകു: 4.30 : **നവരാത്രി സാഹിത്യ സാംസ്കാരിക സമ്മേളനം**

| | | |
|---|---|---|
| ഉദ്ഘാടനം | : | **ശ്രീ ചാണ്ടി ഉമ്മൻ** എം എൽ എ |
| ആശംസ | : | **ശ്രീ ജി. ശങ്കർ**<br>ഹാബിറ്റാറ്റ് ടെക്നോളജീസ്<br>**ഡോ. അനില ജി. നായർ**<br>എൻ.എസ്.എസ് കോളേജ്, പന്തളം |
| **സമ്മാനദാനം** | : | **കലാമത്സര വിജയികൾക്ക്** |

9.00 : **നാടകം** : **ഭൂട്ടാനി**
അവതരണം : സംസ്കൃതി, തിരുവനന്തപുരം



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപി സരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.00 | : | ശനൈശ്വരപൂജ |
| 7.30 | : | ഗ്രഹപൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | കാളരാത്രീ ദേവിയ്ക്ക് ദീപാരാധന |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |

8.30 : **കനകസഭാദർശനം**

ശ്രീ സരസ്വതീ ദേവിയുടെ കാളരാത്രീ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു

**നവരാത്രി കനകസഭാസംഗീതസദസ്**

വായ്പ്പാട്ട് : കുമാരി. **ഗോപിക എസ്**
പള്ളിപ്പുറം

9.30 : തിരുനട അടയ്ക്കൽ



കാളരാത്രി

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 7.00 : **ഭജന** : സ്വരാർച്ചന ഭജൻസ്, പൂജപ്പുര

8.00 : **ഭക്തിഗാനാമൃതം** : ലളിതാംബിക എൻഎസ്എസ് കരയോഗ വനിതാ ഭജന സംഘം, പൂജപ്പുര

9.00 : **ദേവി മാഹാത്മ്യ പാരായണം** : നല്ലത്ത് ദേവിനാമ പാരായണ സമിതി, പൂജപ്പുര

12.00 : **ഭക്തിഗാനസുധ** : ശ്രീ തമ്പുരാൻ ക്ഷേത്ര ഭക്തിഗാനസമിതി, പേയാട്

2.00 : **സംഗീതകച്ചേരി** : ശ്രീദേവി സംഗീത വിദ്യാലയം, മേലാംകോട്

3.00 : **ഭജന** : ശ്രീ മൂകാംബിക ഭജൻസ്, പാപ്പനംകോട്

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

വായ്പ്പാട്ട് : **ശ്രീ. മൂഴിക്കുളം ഹരികൃഷ്ണൻ**
വയലിൻ : ശ്രീമതി. പത്മാകൃഷ്ണൻ
മൃദംഗം : ശ്രീ. തിരുവനന്തപുരം വി. സുരേന്ദ്രൻ
ഘടം : ശ്രീ. പെരുകാവ് പി.എൽ. സുധീർ

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

രാവിലെ 7.00 : **ഭക്തിഗാനമേള** : സൗപർണിക സ്കൂൾ ഓഫ് ഡാൻസ് & മ്യൂസിക്, കരുമം
8.00 : **സംഗീത സദസ്സ്** : സഹസ്രകലാക്ഷേത്രം, പൂജപ്പുര
9.00 : **നൃത്തനൃത്ത്യങ്ങൾ** : സൗപർണിക സ്കൂൾ ഓഫ് ഡാൻസ് & മ്യൂസിക്, കരുമം
10.00 : **സംഗീതാർച്ചന** : മാസ്റ്റർ വേദിക്സായ്, അമ്പലമുക്ക്
11.00 : **ഭരതനാട്യം** : ഡോ. ആരതി സുധാകരൻ, തിരുവനന്തപുരം
12.00 : **നൃത്തനൃത്ത്യങ്ങൾ** : ആരാധന തിയറ്റേഴ്സ്, ഭരതന്നൂർ
1.00 : **നൃത്തം** : ശ്രീമതി സി.കെ. ദിയ ഫാത്തിമ, പൂജപ്പുര
1.30 : **ഭരതനാട്യം** : കുമാരി ആർ.എസ്. സാന്ദ്ര, നെട്ടയം
2.00 : **തിരുവാതിര** : ശിവലയം തിരുവാതിര സംഘം, പുന്നയ്ക്കാമുകൾ
2.30 : **തിരുവാതിര** : ഇലങ്കം നഗർ റസിഡന്റ്സ് അസോസിയേഷൻ, തൈയ്ക്കാട്
3.00 : **നൃത്തനൃത്ത്യങ്ങൾ** : ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, വെഞ്ഞാറമൂട്

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര – 5**

പ്രഭാഷകൻ : **സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**
സെക്രട്ടറി, ശാന്തിഗിരി ആശ്രമം, തിരുവനന്തപുരം
: ആത്മീയ പ്രഭാഷണം

9.00 : **നൃത്തനൃത്ത്യങ്ങൾ** : നാട്യക്ഷേത്ര രജനീ നൃത്തവിദ്യാലയം, പുന്നയ്ക്കാമുകൾ



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 5.30 | : | അഷ്ടാഭിഷേകം |
| 6.15 | : | ലിപി സരസ്വതി പൂജ |
| 6.45 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| 7.30 | : | ഗ്രഹപൂജ, കലശപൂജ |
| 8.00 | : | കലശാഭിഷേകം : മഹാഗണപതി |
| 8.30 | : | കലശാഭിഷേകം : മഹാസരസ്വതി |
| 8.45 | : | കളഭാഭിഷേകം |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |

| | | |
|---|---|---|
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.00 | : | ഗണപതിഭഗവാന് അപ്പംമൂടൽ |
| 6.15 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | മഹാഗൗരി ദേവിയ്ക്ക് ദീപാരാധന |
| | : | പുസ്തക പൂജ (പൂജവയ്പ്പ്) |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |
| 8.30 | : | **കനകസഭാദർശനം** |

ശ്രീ സരസ്വതീ ദേവിയുടെ മഹാഗൗരീ ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു



മഹാഗൗരി

### നവരാത്രി കനകസഭാസംഗീതസദസ്

1) വായ്പ്പാട്ട് : മാസ്റ്റർ. **ജീവജിഗ്നു സദാശിവൻ**
കുവൈറ്റ്

2) വായ്പ്പാട്ട് : ശ്രീ. **രഞ്ജിത്**
കോട്ടയം

9.30 : തിരുനട അടയ്ക്കൽ

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 7.00 : **ഭക്തിഗാനാമൃതം :** നവരാഗ് ഭജൻസ്, പൂജപ്പുര

8.00 : **സംഗീതകച്ചേരി :** മാസ്റ്റർ വൈഷ്ണവ് ഹരിനായർ, പുന്നയ്ക്കാമുകൾ

9.00 : **ദേവിമാഹാത്മ്യ പാരായണം** : ശ്രീമതി പി.എസ്. ഭുവനേശ്വരി, പുന്നയ്ക്കാമുകൾ

1.00 : **ഭജന** : അമ്മേ ദേവി ത്രയംബകേ ഭജൻസ്, വഴുതക്കാട്

3.00 : **ഭക്തിഗാനസുധ** : രാഗമാലിക, തിരുവനന്തപുരം

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

വായ്പ്പാട്ട് : **ശ്രീ. ചെങ്കോട്ട ഹരിഹരസുബ്രഹ്മണ്യം**

വയലിൻ : ശ്രീ. ആറ്റുകാൽ ബാലസുബ്രഹ്മണ്യം

മൃദംഗം : പ്രൊഫ. വൈക്കം വേണുഗോപാൽ

ഘടം : ശ്രീ. തിരുവനന്തപുരം ആർ. രാജേഷ്

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

രാവിലെ 7.00 : **ഫ്യൂഷൻ ഭജന** : ഭവതരണി ഭജൻസ്, തൃക്കണ്ണാപുരം
8.00 : **ക്ലാസിക്കൽ നൃത്തം** : നാട്യതരിണി, കൊടുങ്ങാനൂർ
9.00 : **സംഗീതസദസ്സ്** : നാട്യവേദ സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ്, വട്ടിയൂർക്കാവ്
10.00 : **വീണവാദ്യം** : ഡോ. വി.ആർ. രജനി &
**ഭരതനാട്യം** : കുമാരി അനുരാധ ജെ. നായർ, തിരുമല
11.00 : **ഒഡീസി നൃത്തം** : സഞ്ജലി സെന്റർ ഫോർ ഒഡീസി ഡാൻസ്, ബംഗ്ലൂരു
12.00 : **വീണക്കച്ചേരി** : പ്രഭാവതി സ്കൂൾ ഓഫ് വീണ, ശാസ്തമംഗലം
1.00 : **ഭരതനാട്യം** : കുമാരി ശ്രിതി ഗൗരി, പൂജപ്പുര
1.30 : **കൈകൊട്ടിക്കളി** : നിസ്വന വീരനാട്യം, കൊങ്കളം
2.00 : **തിരുവാതിര** : അഷ്ടപദി ഗ്രൂപ്പ്, പൂജപ്പുര
2.30 : **ഭരതനാട്യം** : ശ്രീമതി എസ്.ജെ. പ്രിയങ്ക, ആറ്റിങ്ങൽ
3.00 : **നൃത്തനൃത്ത്യങ്ങൾ** : വിശ്വനൃത്ത്യ നൃത്ത വിദ്യാലയം, വാമനപുരം

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര – 6**

പ്രഭാഷകൻ : **സ്വാമി ശക്തിശാന്താനന്ദ മഹർഷി**
അധ്യക്ഷൻ, ശ്രീരാമദാസ മഠം, തിരുവനന്തപുരം
: ആത്മീയ പ്രഭാഷണം

9.00 : **നൃത്തനൃത്ത്യങ്ങൾ** : നാട്യമന്ദിർ സ്കൂൾ ഓഫ് ആർട്സ്, പാപ്പനംകോട്

# ദുർഗ്ഗാഷ്ടമി



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 6.00 | : | പ്രഭാത ദീപാരാധന |
| 6.30 | : | ലിപി സരസ്വതി പൂജ |
| 7.00 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| | | തുടർന്ന് |
| | | പതിവുപൂജകൾ |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.15 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | സിദ്ധിദാത്രി ദേവിയ്ക്ക് ദീപാരാധന |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |
| 8.30 | : | **കനകസഭാദർശനം** |



സിദ്ധിദാത്രി

ശ്രീ സരസ്വതീ ദേവിയുടെ സിദ്ധിദാത്രി ഭാവത്തെ എഴുന്നള്ളിച്ച് സരസ്വതീ മണ്ഡപത്തിൽ ഇരുത്തുന്നു. തുടർന്ന് അഭിഷേകം, ദീപാരാധന കഴിഞ്ഞ് തിരിച്ചെഴുന്നള്ളുന്നു

### നവരാത്രി കനകസഭാസംഗീതസദസ്

വായ്പ്പാട്ട് : ശ്രീമതി. **ജ്യോതി സന്തോഷ്**
മുടവൻമുകൾ

9.30 : തിരുനട അടയ്ക്കൽ

# ദുർഗ്ഗാഷ്ടമി

## വേദി -1 ശ്രീ സ്വാതി തിരുനാൾ സരസ്വതി മണ്ഡപം

രാവിലെ 7.00 : **സംഗീതകച്ചേരി** : തേജസ്വിനി മ്യൂസിക്കൽസ്, മുദാക്കൽ

8.00 : **ഭജന** : നാദാർച്ചന മ്യൂസിക്ക്, മൂടവൻമുകൾ

9.00 : **ദേവീമാഹാത്മ്യ പാരായണം** : ശ്രീഹരിശങ്കരം ഗ്രൂപ്പ്, വട്ടിയൂർക്കാവ്

12.00 : **ഭക്തിഗാനസുധ** : ശ്രീമതി. എം. ഗീതാകുമാരി, പ്ലാവിള

1.30 : **ഭജന** : വിദ്യാധിരാജ എൻഎസ്.എസ് കരയോഗ മാതൃസമിതി, മേലാറന്നൂർ

3.00 : **ഓട്ടൻതുള്ളൽ** : ശ്രീ. സി. ബാലകൃഷ്ണൻ, വട്ടിയൂർക്കാവ്

വൈകു: 6.00 : **നവരാത്രി സംഗീതോത്സവം**

വായ്പ്പാട്ട് : **ശ്രീ. സുനിൽ ഗാർഗേയൻ** (ചെന്നൈ)
വയലിൻ : ശ്രീ. വി.വി. രവി (ചെന്നൈ)
മൃദംഗം : ശ്രീ. തിരുവനന്തപുരം വി. രവീന്ദ്രൻ
ഘടം : ശ്രീ. കോട്ടയം രോഹിത് പ്രസാദ്

## വേദി -2 ശ്രീ ചിത്തിര തിരുനാൾ ആഡിറ്റോറിയം

രാവിലെ 7.00 : **ഭക്തിഗാനസുധ** : വാനമ്പാടികൾ, തിരുവനന്തപുരം

8.00 : **നൃത്തനൃത്ത്യങ്ങൾ** : ശ്രീവിദ്യാ കലാനികേതൻ, വട്ടവിള

9.00 : **നൃത്തനൃത്ത്യങ്ങൾ** : ഭാഗ്യ നൃത്താലയം, കുടപ്പനക്കുന്ന്

10.30 : **കഥക്** : ശ്രീമതി പ്രീത പരമേശ്വരൻ നായർ, പൂജപ്പുര

11.00 : **ഭരതനാട്യം** :നൃത്ത്യരംഗം സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ്, പൂജപ്പുര

12.00 : **നൃത്തനൃത്ത്യങ്ങൾ** : പവിത്രം സ്കൂൾ ഓഫ് ഡാൻസ് & മ്യൂസിക്, പൂജപ്പുര

1.00 : **കൈകൊട്ടിക്കളി** : ദളപത്മം കൈകൊട്ടിക്കളി ടീം, ഇലിപ്പോട്

2.00 : **നൃത്തനൃത്ത്യങ്ങൾ** : മയൂര സ്കൂൾ ഓഫ് ഡാൻസ്, മരുതൻകുഴി

3.00 : **സംഗീതാർച്ചന** : കുമാരി ശ്രേഷ്ഠ മഹേഷ് & ടീം

വൈകു: 4.30 : **നവരാത്രി പ്രഭാഷണ പരമ്പര – 7**

പ്രഭാഷകൻ : **ഡോ. അലക്സാണ്ടർ ജേക്കബ് IPS** (Rtd)
മുൻ ഡി.ജി.പി.
: ആത്മീയ പ്രഭാഷണം

9.00 : **നൃത്തനൃത്ത്യങ്ങൾ** : ഭരതക്ഷേത്ര സ്കൂൾ ഓഫ് ഡാൻസ്, വലിയവിള

പൂജപ്പുര
നവരാത്രി മഹോത്സവം

# മഹാനവമി



## പൂജാനുഷ്ഠാനങ്ങൾ

| | | |
|---|---|---|
| രാവിലെ 4.30 | : | പള്ളി ഉണർത്തൽ |
| 5.00 | : | തിരുനട തുറക്കൽ |
| 5.15 | : | ഹരിനാമകീർത്തനം |
| 6.00 | : | പ്രഭാത ദീപാരാധന |
| 6.30 | : | ലിപി സരസ്വതി പൂജ |
| 7.00 | : | അഷ്ടദ്രവ്യ മഹാഗണപതിഹോമം |
| | | തുടർന്ന് |
| | | പതിവ് പൂജകൾ |
| 11.30 | : | ഉച്ചപൂജ |
| 12.00 | : | തിരുനട അടയ്ക്കൽ |
| വൈകു: 4.30 | : | തിരുനട തുറക്കൽ |
| | : | ലളിതാസഹസ്രനാമം |
| 5.30 | : | ഭഗവതിസേവ |
| 6.00 | : | ഭരദേവതാപൂജ |
| 7.00 | : | സന്ധ്യാ ദീപാരാധന |
| | : | വാണീമാതൃ ദേവിയ്ക്ക് ദീപാരാധന |
| 7.30 | : | നവദുർഗ്ഗപൂജ |
| 8.00 | : | അത്താഴപൂജ |

8.30 : **മഹാ കനകസഭാദർശനം**

